ഉത്തരം

(എ) സർവ്വകലാശാല തലത്തിൽ അന്വേഷണം നടക്കുന്നുണ്ട്.

(ബി) ഉണ്ട്.

(സി) കോന്നി ഗവേഷണ കേന്ദ്രത്തിലെ സ്ഥിരംതൊഴിലാളിയായ ശ്രീ. വി. ആനന്ദൻ പരാതി നൽകിയിട്ടുണ്ട്.

(ഡി) സർവ്വകലാശാല തലത്തിൽ അന്വേഷണം നടന്നു വരുന്നുണ്ട്.

(ഇ) അന്വേഷണം നടന്നു വരുന്നു.

(എഫ്) സ്വീകരിച്ചിട്ടുണ്ട്.

120 (1169) ഹോർട്ടികൾച്ചർ ഡെവല്പമെന്റ് കോർപ്പറേഷന്റെ പ്രവർത്തനം

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോർട്ടികൾച്ചർ ഡവലപ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനം തൃശ്ശൂർ ജില്ലയിൽ വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്;

(ബി) തൃശ്ശൂർ ജില്ലയിൽ എത്ര "സസ്യ" "ഹരിത" സ്റ്റാളുകൾ പ്രവർത്തിക്കുന്നുണ്ട്;

(സി) പുതിയ സ്റ്റാളുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ നടപടികൾ വിശദമാക്കുമോ;

(ഡി) കേരള കാർഷിക സർവ്വകലാശാലയുമായി യോജിച്ച് പച്ചക്കറി ഉൽപ്പാദനത്തിനും വിതരണത്തിനുമായി പുതിയ പദ്ധതികൾ ആവിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. തൃശ്ശൂർ ജില്ലയിൽ ഹോർട്ടികൾച്ചറൽ ഡവലപ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ഹോർട്ടികോർപ്പിന്റെ പ്രാദേശിക സംഭരണ വിതരണകേന്ദ്രം ഈ സാമ്പത്തികവർഷം തന്നെ പ്രവർത്തന സജ്ജമാക്കുന്നതും ജില്ലയിൽ ഉടനീളം ഹരിതസ്റ്റാളുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതുമാണ്.

(ബി)&(സി) തൃശ്ശൂർ ജില്ലയിൽ ഹരിത സ്റ്റാളുകൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഹരിത സ്റ്റാളുകൾ തുടങ്ങുന്നതിനുവേണ്ടി ലഭിച്ചിട്ടുള്ള 100 ഓളം അപേക്ഷകൾ പ്രാഥമിക പരിശോധന നടത്തിയശേഷം ലൈസൻസികളെ തിരഞ്ഞെടുക്കുന്നതാണ്.

(ഡി) സംസ്ഥാന കൃഷി വകുപ്പ് നടപ്പിലാക്കിവരുന്ന ഊർജ്ജിത പച്ചക്കറി വികസന പദ്ധതിയിൽ കാർഷിക സർവ്വകലാശാല സജീവ പങ്ക് വഹിക്കുന്നുണ്ട്. ഹോർട്ടി കോർപ്പും കാർഷിക സർവ്വകലാശാലയും യോജിച്ച് പച്ചക്കറി ഉൽപ്പാദനത്തിനും വിതരണത്തിനും പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly